

കഥ

ഉപേന്ദ്രൻ മടിക്കൈ

മുറിഞ്ഞുപോയൊരു

**ചൂണ്ടുവിരൽ**

കവിത

ശ്രീപർവ്വതി എസ്.

**കാക്കകൾ**

ഡോ.കെ.എം.അനിൽ

ഡോ.മുഞ്ഞിനാട് പത്മകുമാർ

നാലാപ്പാടം പത്മനാഭൻ.

ദിവാകരൻ വിഷ്ണുമംഗലം

സെബാസ്റ്റ്യൻ

# പ്ലാവില

മാസിക

ലക്കം 10/മാർച്ച് 2011

## സംസ്കൃതിയുടെ
# ഉടലാട്ടങ്ങൾ

ഡോ.എൽ.തോമസുകുട്ടി

മൻസൂറലി ടി.



ആത്മാവിന്റെ സ്വന്തംനാട്ടിൽ നിന്ന്–എൻ.പ്രഭാകരൻ

'ചെറു'കഥകളുടെ വിവക്ഷകൾ–ഡോ.പി.കെ.തിലക്

ആകാശമിഠായി എന്ന പേരിന്റെ രാഷ്ട്രീയം

–മനോജ്കുമാർ കൊയ്യം

ലേഖനം ■ **മൻസൂറലി ടി.**/9745457585



# ബർസ
# ആകുലതകളും ആഖ്യാനങ്ങളും

മലയാളസാഹിത്യത്തിൽ മുസ്‌ലിം ജീവിതവുമായി ബന്ധപ്പെട്ട് ധാരാളം രചനകൾ ഉണ്ടായിട്ടുണ്ട്. അവയെല്ലാം മുസ്‌ലിം സാമുഹ്യജീവിതത്തിന്റെ പുറം ചിത്രീകരണങ്ങളായിരുന്നു. മതത്തെ സ്ത്രീകാഴ്ചപ്പാടുകളിലൂടെ അവതരിപ്പിക്കുന്ന കൃതികളൊന്നും ഉണ്ടായിട്ടില്ല. ഇതിൽ നിന്നുള്ള ഒരു വിടുതിയാണ് ഖദീജാമുംതാസ് ബർസയിലൂടെ നടത്തുന്നത്. സബിതയെന്ന നവമുസ്‌ലിമിന്റെ മാനസിക വ്യവഹാരങ്ങളിലൂടെയാണ് നോവൽ സഞ്ചരിക്കുന്നത്. സഹപാഠിയായ റഷീദുമായുള്ള പ്രണയമാണ് സബിതയെ ഇസ്‌ലാമിലെത്തിക്കുന്നത്. ഡോക്ടർമാരായ ഇരുവരും വിവാഹശേഷം സൗദിഅറേബ്യയിലെ മക്കയിൽ ജോലിക്ക് പോവുന്നു. മലബാറിലെ ഹിന്ദുമുസ്‌ലിം സൗഹൃദത്തിന്റെ ഊഷ്മളത മാത്രം കണ്ടുവളർന്ന സബിതയ്ക്ക് സൗദിഅറേബ്യയിലെ വഹാബിസത്തിന്റെ (യാഥാസ്ഥിതികം) പ്രകടനങ്ങൾ പല സന്ദേഹങ്ങളും ഉയർത്തുന്നു. ഈ സന്ദേഹങ്ങൾ തുറന്നമനസ്സോടെ ഇസ്‌ലാംമത ത്തെ പഠിക്കാനുള്ള അവസരമായി സബിതയെടുക്കുന്നു. ഇസ്‌ലാമിന്റെ യാഥാർത്ഥചൈതന്യം തേടിയുള്ള യാത്രയിൽ സബിത പരസ്പരവിരുദ്ധമായ രണ്ട് യാഥാർത്ഥ്യങ്ങളെ നേരിടുന്നു. ഒന്ന് മതയാഥാസ്ഥിതികതയുടെ ഇരുട്ടറയും, മറ്റേതാകട്ടെ ആദ്യകാല ഇസ്‌ലാമിന്റെ ശുദ്ധരൂപവും. ഈ അന്വേഷണത്തിൽ സബിതയ്ക്ക് കൂട്ടായി മുഹമ്മദ്നബിയുടെ ഭാര്യമാരായ ഖദീജയുടേയും ആയിഷയുടേയും, ഉമ്മുസൽമ്മയുടേയും മാതൃകകളുണ്ട്. കരുത്തേകാൻ ഹാജറ പ്രകടിപ്പിച്ച ഇച്ഛാശക്തിയുണ്ട്. ഇത്തരം അനുഭവസാക്ഷ്യങ്ങളുടെ ഊർജ്ജവുമായി സഞ്ചരിച്ച സബിത, സ്ത്രീയുടേതായ ഇസ്‌ലാമിനെ തിരിച്ചറിയുന്നു.

ബർസ എന്നാൽ മുഖം മറയ്ക്കാത്തവൾ, തലകുനിക്കാത്തവൾ, ചോദ്യങ്ങൾ ചോദിക്കുന്നവൾ എന്നൊക്കെയാണർത്ഥം. പേരിൽ സൂചിപ്പിക്കും പോലെതന്നെ പൗരോഹിത്യത്തിന്റെ മാമൂലുകൾക്കെതിരെ ശക്തമായ ചോദ്യങ്ങളാണ് നോവലിസ്റ്റ് ഉന്നയിക്കുന്നത്. മാതൃത്വത്തിന്റെ മഹിമ, കുഞ്ഞിനോടുള്ള സ്നേഹം ഇവരണ്ടും പൗരോഹിത്യത്തിന് മനസിലാക്കാൻ പറ്റാത്തതാണെന്നും, ദൈവകൽപ്പനയ്ക്ക് മുമ്പിൽപോലും മാതാവിന് കുഞ്ഞാണ് പ്രധാനമെന്നും നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നു. ഇതിനായി മുസ്‌ലിങ്ങൾ കൊല്ലം തോറും നടത്തിവരുന്ന ബലിപെരുന്നാളിന്റെ ഐതിഹ്യത്തിലേക്ക് വായനക്കാരെ കൊണ്ടുപോവുന്നു. മകനെ ബലി നൽകാനായി ഹാജറാബീവിയോടാണ് പടച്ചവൻ ആജ്ഞാപിച്ചതെങ്കിൽ അവരുടെ മറുപടി എങ്ങനെയായിരിക്കുമെന്ന സങ്കൽപമാണ് ഖദീജാമുംതാസ് വരച്ചുകാട്ടുന്നത്. “എന്റെ ജീവനും ജീവിതവും, എന്റെ സന്തതിയും ഞാൻ സമ്പാദിച്ചതുമെല്ലാം നിന്റേതുമാത്രമാണെന്ന് ഞാനറിയുന്നു. ജീവൻ തരുന്നതും എടുക്കുന്നതും നീയാണെന്ന കാര്യത്തിൽ എനിക്ക് സന്ദേഹമേതുമില്ല. നീ കൽപിക്കുന്നതെന്തും ചെയ്യാൻ ഞാൻ ബാധ്യസ്ഥയാണ്. നിന്റെ നിയോഗമായി ഈ പൊള്ളുന്ന മരുഭൂമിയിലെ ഒറ്റപ്പെട്ട ജീവിതവും എന്റെ കുഞ്ഞിന്റെ അനാഥത്വവും ഞാൻ ശിരസിലേറ്റി. ഇന്നെന്റെ മകൻ നിന്റെ ആജ്ഞകൾ തലയിലേറ്റാൻ മാത്രം വളർന്നിരിക്കുന്നു. എങ്കിലും ‘യാ അല്ലാഹ്’, എന്റെ രക്തവും മാംസവുമായ എന്റെ മകനെ കുരുതികൊടുക്കാൻ നീ ആജ്ഞാപിച്ചാൽ ഞാൻ അനുസരിച്ചെന്നുവരില്ല. ആയിരം തെറ്റുകൾ പൊറുത്തും ഒരു നന്മയ്ക്ക്



ഫലം തരുന്നവനായാ അല്ലാഹൂ, ഞാനിതുവരെ ചെയ്ത സൽകർമങ്ങൾ കണക്കിലെടുത്ത് എന്റെ ഈ അനുസരണക്കേടിനെ പൊറുത്ത് തരിക. അല്ലെങ്കിൽ സ്വർഗത്തോപ്പിൽ ഇത്തിരി താഴ്ന്ന പീഠം എനിക്കായി മാറ്റിവെയ്ക്കുക. അതുമല്ലെങ്കിൽ നീ ഉദ്ദേശിക്കുന്നുവെങ്കിൽ കത്തിയാളുന്ന ജഹനത്തിൽ എന്റെ തള്ളിയേക്കുക. എങ്കിലും എങ്കിലും കരുണാമയാ നീ എന്നിൽ ചൊരിഞ്ഞ ഏറ്റവും വലിയ അനുഗ്രഹമായ മാതൃഭാവത്തെ ഞാൻ കെടുത്തിക്കളയുമെന്ന് പ്രതീക്ഷിക്കാതിരിക്കുക". ഇത്തരത്തിൽ സ്ത്രീയുടേത് മാത്രമായ നിരവധി ആത്മഗതങ്ങൾ നോവലിൽ ഉടനീളം ചിത്രീകരിച്ചിട്ടുണ്ട്. ചുട്ടുപൊള്ളുന്ന ആത്മഭാഷണങ്ങളാണ് ഈ നോവലിന്റെ എടുത്തുപറയേണ്ട സവിശേഷത.

ആധുനിക ഇസ്ലാം എന്ന ബൃഹദാഖ്യാനത്തിനകത്ത് വരുന്ന ശാരീരികവും, സാമൂഹികവും, സാംസ്കാരികവുമായ വിവിധ വിഷയങ്ങൾ ബർസക്കുള്ളിലെ ആത്മസംവാദങ്ങളിൽ ബോധതരംഗമുണർത്തുന്നു. ശരീയത്തു മുതൽ കാശ്മീർ പ്രശ്നം വരെ ചർച്ചയാവുന്നു. ഇസ്ലാം ഒരു മതമെന്നതിലുപരി ഒരു സാമൂഹ്യപരിവർത്തനമായിരുന്നെന്നും, കൊള്ളയും കവർച്ചയും, ലൈംഗിക അരാജകത്വവും, അടിമത്വവും, പ്രാകൃതാരാധാനാക്രമങ്ങളും നിലനിന്ന, തമ്മിലേറ്റുമുണ്ടിക്കൊണ്ടിരുന്ന അറേബ്യൻ ഗോത്രങ്ങളെ ഒരു കൊടിക്കീഴിൽ ഒന്നിപ്പിക്കാനായതാണ് ഇസ്ലാമിന്റെ വിജയമെന്നും നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നു. എന്നാൽ ബദൂവിയൻ മനസുകളെ മെരുക്കിയെടുക്കാൻ തയ്യാറാക്കിയ ശാസനകളും വിലക്കുകളും വർത്തമാനകാലത്തിലും അന്ധമായി പിന്തുടരുന്നതിന്റെ പൊള്ളത്തരങ്ങൾ നോവലിസ്റ്റ് തുറന്നുകാട്ടുന്നു. മതത്തിനുള്ളിൽ നിന്ന് മതത്തെ ആധാരമാക്കി ചോദ്യങ്ങൾ ഉന്നയിക്കാൻ ഒരു സ്ത്രീ ശ്രമിച്ചു എന്നത് 'ബർസ' എന്ന നോവലിന്റെ സമകാലിക പ്രസക്തി വർദ്ധിപ്പിക്കുന്നു. ●

**കവിത ■ സത്യൻ മാടാക്കര**



## പാവാട

കുറിയേടത്ത് രാത്രി നനച്ചിട്ട പാവാട
ഇനിയും ഉണങ്ങിയിട്ടില്ല
കുളപ്പടവ്
ഗസ്റ്റ്ഹൗസ്
മണിമന്ദിരങ്ങൾ
ഹൗസ്ബോട്ട്
പലതരം പാവാട വലിച്ചെറിയുന്നു.
ചങ്ങാതികളേ,
പാവാടക്കഥകൾ അയച്ചുതരിക
പേര്
രഹസ്യമാക്കി വെച്ചോളാം.